**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2183. 07.12.2015 ൽ മറുപടിയ്ക്ക്.**

## വാഹനങ്ങളിലെ ഹോണുകൾ

| | ചോദ്യം<br>ശ്രീ. കെ.എം.ഷാജി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | വാഹനങ്ങളിലെ ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിക്കുന്ന ഹോണുകൾ നീക്കം ചെയ്യുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്ന സമയത്തും, വാഹന പരിശോധനാ സമയത്തും, വാഹനങ്ങളിൽ നിയമ പ്രകാരമുള്ള ഹോൺ തന്നെയാണോ ഉപയോഗിക്കുന്നത് എന്ന് ഉറപ്പു വരുത്താറുണ്ട്. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കുന്ന സമയത്ത് ഇതു സംബന്ധിച്ച് പരിശോധനകൾ നടത്താറുണ്ട്. കൂടാതെ എയർ ഹോണിന്റെ ഉപയോഗം ഇല്ലാതാക്കുക എന്ന ഉദ്ദേശത്തോടുകൂടി നിരവധി നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രത്യേക ചെക്കിംഗുകളും സ്ഥിരമായി നടത്തി വരുന്നുണ്ട്. |
| (ബി) | ഹോണുകളുടെ ശബ്ദതീവ്രത അളക്കാൻ വേണ്ടത്ര ഉപകരണങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; | (ബി) | വേണ്ടത്ര ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. എന്നാൽ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് കോഴിക്കോട് ജില്ലയ്ക്ക് ശബ്ദ തീവ്രത അളക്കുന്നതിനുള്ള 14 ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച നിയമലംഘനത്തിനെതിരെ പൊതുജനങ്ങൾക്ക് പരാതിപ്പെടാനും പരിഹാരം തേടാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (സി) | ബന്ധപ്പെട്ട റീജിയണൽ / സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നേരിട്ടോ, ഇ-മെയിൽ വഴിയോ പരാതി സമർപ്പിക്കാവുന്നതാണ്. കൂടാതെ മേഖലാതല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കോ, ട്രാൻസ്പോർട്ട് കമ്മീഷണർക്കോ നേരിട്ടും പരാതി സമർപ്പിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത നിയമലംഘകർക്ക് നിശ്ചയിച്ചിട്ടുള്ള ശിക്ഷ എന്താണെന്ന് വെളിപ്പെടുത്തുമോ? | (ഡി) | പ്രസ്തുത നിയമ ലംഘകർക്കെതിരെ 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ 177-ാം വകുപ്പ് പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത വകുപ്പ് പ്രകാരം ഒന്നാമത്തെ കുറ്റത്തിന് 100 രൂപയും രണ്ടാമത്തേതോ, തുടർന്നുള്ളതോ ആയ കുറ്റങ്ങൾക്ക് 300 രൂപ വരെയും പിഴ ഈടാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.